# ഉപജില്ലാ സമിതി സിറ്റിംഗ് - 07-09-2023

07-09-2023 ന് രാവിലെ 10.30 ന്പയ്യന്നൂർ താലൂക്ക് ഓഫീസിലെ പി എ യു ഓഫീസിൽ വെച്ച് ചേർന്ന ഉപജില്ലാ സമിതി 1ന്റെ യോഗത്തിൽ പങ്കെടുത്തവരും യോഗതീരുമാനങ്ങളും.

1. അനിൽ കെ എൻ, ഐ വി ഒ/എ ഡി, എൽ എസ് ജി ഡി
2. നിഥിൻകുമാർ എസ്, ഡപ്യൂട്ടി ടൌൺ പ്ലാനർ, എൽ എസ് ജി ഡി,
3. ബിജു പി വി, എ എക്സ് ഇ, എൽഎസ്ജിഡി, പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്

ഉപജില്ലാ സമിതി യോഗം 10.30ന് ആരംഭിച്ചു. യോഗത്തിൽ ചെറുപുഴ ഗ്രാമപഞ്ചായത്തിലെ ശ്രീ അനീഷ് കെ ജോയി കെട്ടിടനിർമ്മാണം ക്രമവൽക്കരിക്കുന്നതിനായി നൽകിയ അപേക്ഷയിൽ 04-08-2023ന് ചേർന്ന ഉപജില്ലാ സമിതി തീരുമാനം നടപ്പിലാക്കിയതിന്റെ പുരോഗതി സമിതി പരി-ശോധിച്ചു. യോഗത്തിൽ ശ്രീ അനീഷ് കെ ജോയിയെ പ്രതിനിധികരിച്ച് മാനേജർ ശ്രീ ജ്യോബിഷ് ഹാജരായി. 04-08-2023 ലെ സമിതി തീരുമാനപ്രകാരം കെട്ടിടക്രമവൽകരണത്തിനായി ചെറുപുഴ ഗ്രാമ പഞ്ചായത്ത് മുമ്പാകെ സമർപ്പിക്കാൻ നിർദ്ദേശിച്ച റിപ്പോർട്ടുകളും സർട്ടിഫിക്കറ്റുകളും പ്ലാനുകളും തയ്യാറാക്കിയിട്ടുണ്ടെന്നും ആയത് സമർപ്പിക്കുന്നതിന് കുറച്ചു കൂടി സമയം ആവ-ശ്യമാണെന്നും മാനേജർ ശ്രീ ജ്യോബിഷ് സമിതി മുമ്പാകെ അറിയിച്ചു. മേൽക്കാര്യം പരിഗണിച്ച ഉപജില്ലാ സമിതി, ശ്രീ അനീഷ് കെ ജോയിയുടെ പരാതി തീർപ്പാക്കുന്നതിന് തീരുമാനിച്ചു. രേഖകൾ ലഭ്യമാകുന്ന മുറക്ക് അവയുടെ പരിശോധന നടത്തുന്നതിനും പെർമിറ്റ് നൽകുന്ന കാര്യത്തിൽ തീരുമാനമെടുക്കാനും ചെറുപുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

ചെറുകുന്ന് ഗ്രാമപഞ്ചായത്തിൽ ലൈസൻസ് പുതുക്കുന്നതിനായി ശ്രീമതി റീന ചെറുവാട്ടിൽ നൽകിയ അപേക്ഷയിൽ സർട്ടിഫിക്കറ്റ് നൽകിയെന്ന് ചെറുകുന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 23-08-02023ലെ 401034/GGDC08/GPO/2023/4612/(1) നമ്പർ കത്ത് പ്രകാരം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി റീന ചെറുവാട്ടിലിന്റെ പരാതി തീർപ്പാക്കുന്നതിന് തീരുമാനിച്ചു.

രാമന്തളി ഗ്രാമപഞ്ചായത്തിൽ ലൈസൻസ് പുതുക്കുന്നതിനായി ശ്രീമതി വനജ കെ ടി വി നൽകിയ അപേക്ഷയിൽ സർട്ടിഫിക്കറ്റ് നൽകിയെന്ന് രാമന്തളി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 22-08-2023ലെ 401026/RPDC1/GPO/2023/4081(1) നമ്പർ കത്ത് പ്രകാരം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി വനജ കെ ടി വി യുടെ പരാതി തീർപ്പാക്കുന്നതിന് തീരുമാനിച്ചു.

കണ്ണപുരം ഗ്രാമപഞ്ചായത്തിൽ നൽകിയ ലൈസൻസ് അപേക്ഷയിൽ ലൈസൻസ് അനുവദി-ച്ചില്ലെന്ന ശ്രീ മനോജ്കുമാർ എ പി യുടെ പരാതി ഉപജില്ലാ സമിതി പരിശോധിച്ചു. ശ്രീ മനോജ് കുമാറിന്റെ തൈസൻസ് അപേക്ഷയിൻമേൽ അടിയന്തിര നടപടികൾ സ്വീകരിച്ച് ലൈസൻസ് അനുവദിക്കാൻ കണ്ണപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

അനിൽ കെ എൻ
07/09/23
കൺവീനർ
ഉപജില്ലാ സമിതി 1 കണ്ണൂർ

*Created By: Sign Doc*